LIBRARY ARCHIVES Kerala Legislative Assembly

ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോചൃമായ വീടുകളിൽ താമസിക്കുന്നതുമായ 16070 പട്ടികവർഗ്ഗക്കാരെ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും ടി ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12895 പേരിൽ 10783 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിക്കുകയും, ഇതിൽ 4654 പേർ ഭവനനിർമ്മാണത്തിനായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം

9 (3715) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുണ്ടെന്ന കാരണത്താൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതും എന്നാൽ വീട് വാസയോഗ്യമല്ലാത്തതുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോചൃമായ വീടുകളിൽ താമസിക്കുന്നതുമായ 16070 പട്ടികവർഗ്ഗക്കാരെ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തുകയും പ്രസ്തുത ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12895 പേരിൽ 10783 പേരെ ലൈഫ് മിഷൻ കമ്മിറ്റി അംഗീകരിക്കുകയും ഇതിൽ 4654 പേർ ഭവനനിർമ്മാണത്തിനായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഭവനനിർമ്മാണ ധനസഹായ പദ്ധതികൾ

10 (3716) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി മേഖലകളിൽ ഏതെല്ലാം ഭവനനിർമ്മാണ ധനസഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെയാണ് നിലവിൽ ഭവന ധനസഹായം അനുവദിക്കുന്നത്. ഭവനനിർമ്മാണ ധനസഹായ പദ്ധതിയിലൂടെ 2007-8 മുതൽ 2018-19 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ വിവിധ